**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തത് ദേശസാൽകൃത ബാങ്കുമായും സഹകരണബാങ്കുമായും ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിന് അനുമതി നല്കിയും കരാറിന്റെ കരടിന് അംഗീകാരം നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്)നം. 36/2018/തസ്വഭവ. തിരുവനന്തപുരം,തീയതി 26/03/2018**

---

പരാമർശം:- 1. 13.09.10 ലെ സ.ഉ.(എം.എസ്) നം. 211/10/തസ്വഭവ

2.. 31.05.2014 ലെ സ.ഉ.(എം.എസ്)നം.96/2014/തസ്വഭവ

3. 12.06.2017-ലെസ.ഉ.(കൈ)നം. 111/17/തസ്വഭവ

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.01.2018 ലെ 4468/C/2009/കെ.എസ്.എച്ച്.ഒ. നം. കത്ത്

**ഉത്തരവ്**

കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് ബാങ്കുകൾ മുഖേന നല്കിയ ഭവനശ്രീ വായ്പയുടെ 30/06/10 ന് ശേഷമുള്ള തിരിച്ചടവ് പരാമർശം (1) (2) ഉത്തരവുകൾ പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തപ്പോൾ ബാങ്കുകൾ റിപ്പോർട്ട് ചെയ്യാൻ വിട്ടുപോയിട്ടുള്ള അഡീഷണൽ അക്കൗണ്ടുകളിലെ ഭവനശ്രീ വായ്പകൾ കൂടി സൂചന (3) പ്രകാരം സർക്കാർ ഏറ്റെടുത്ത് ഉത്തരവായിരുന്നു.

(2) ഭവനശ്രീ ഗുണഭോക്താക്കൾക്ക് ആധാരം തിരികെ നല്കുന്നതിനായി സർക്കാരും ദേശസാൽകൃത ബാങ്കുകളും സഹകരണബാങ്കുകളും കുടുംബശ്രീയും തമ്മിൽ ഏർപ്പെടേണ്ട ത്രികക്ഷി കരാറിന്റെ കരടിന് അംഗീകാരം നല്കണമെന്ന് പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരും ബാങ്കുകളും കുടുംബശ്രീയും തമ്മിൽ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിന് കുടുംബശ്രീയ്ക്ക് അനുമതി നല്കിയും അനുബന്ധമായി ചേർത്തിരിക്കുന്ന കരാറിന്റെ കരടിന് അംഗീകാരം നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീകല സി എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, ഐ,&പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**